LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. അവശേഷിക്കുന്ന നിരക്ഷരത പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുക.

2. പടിപടിയായി 60 വയസ്സിനു താഴെയുള്ള മുഴുവൻ കേരളീയർക്കും പത്താംതരം വരെ വിദ്യാഭ്യാസ തുല്യത ഉറപ്പാക്കുക.

3. നിരന്തര പഠനത്തിനും തൊഴിൽ നൈപുണ്യവികസനത്തിനും അവസരമൊരുക്കുക.

4. ബോധവത്കരണത്തിലൂടെ പൗര വിദ്യാഭ്യാസ പരിപാടി നടപ്പാക്കുക.

5. 'ഇ'-സാക്ഷരത, ഭാഷാപഠന പരിപാടി, അവഗണിക്കപ്പെടുന്ന വിഭാഗങ്ങൾക്ക് പ്രത്യേക തുല്യതാ പരിപാടി, അനൗപചാരിക വിദ്യാഭ്യാസരംഗത്ത് മാതൃകകൾ സൃഷ്ടിക്കുക ഇവയൊക്കെ പഠന ഗവേഷണ വിഷയമാക്കി മാറ്റുക.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ലീപ് കേരള മിഷന്റെ സ്വയാർജ്ജിത ഫണ്ടും ബഡ്ജറ്റ് വിഹിതവും മുഖേന ഈ പദ്ധതിക്ക് ഫണ്ട് സ്വരൂപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

പഠനം ഉപേക്ഷിക്കേണ്ടി വരുന്ന കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിന് ബദൽ സംവിധാനം

108(797) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. മുരളി :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിന്നും പലകാരണങ്ങളാൽ ഇടയ്ക്കു വച്ച് പഠനം ഉപേക്ഷിക്കേണ്ടി വരുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യാസം നൽകുന്നതിന് എന്തൊക്കെ ബദൽ സംവിധാനങ്ങളാണ് സർക്കാർ നടപ്പിലാക്കിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഇതിനായി എത്ര വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു ;

(സി) ഇത്തരം വിദ്യാലയങ്ങളുടെ ഭരണ നിർവ്വഹണവും പാഠ്യക്രമീകരണങ്ങളും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് പുതുതായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ഡി) ഇത്തരം ബദൽ സംവിധാനത്തിലൂടെ തുടർവിദ്യാഭ്യാസം നടത്തുന്ന സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്താനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ പ്രദാനം ചെയ്യാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഔപചാരിക വിദ്യാഭ്യാസത്തിന് സമാനമായ 4,7,10 തുല്യതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സ്കൂളിൽ നിന്ന് ഇടയ്ക്ക് വച്ച് പഠനം ഉപേക്ഷിക്കേണ്ടിവന്നവർക്കായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

ലൈബ്രേറിയന്മാർക്ക് ക്ഷേമനിധി

109(798) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാന്റ് ലഭിക്കുന്ന എത്ര ഗ്രന്ഥശാലകൾ സംസ്ഥാനത്തുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഗ്രന്ഥശാലകളിലെ ലൈബ്രേറിയന്മാർക്ക് എത്ര രൂപയാണ് അലവൻസായി നൽകുന്നത് ;

(സി) ഈ ലൈബ്രേറിയന്മാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആകെ 5095 ഗ്രന്ഥശാലകൾ ഗ്രാന്റ് വാങ്ങുന്നു.

1.	തിരുവനന്തപുരം	-	489
2.	കൊല്ലം	-	536
3.	പത്തനംതിട്ട	-	237
4.	ആലപ്പുഴ	-	244
5.	കോട്ടയം	-	344
6.	ഇടുക്കി	-	203
7.	എറണാകുളം	-	394
8.	തൃശ്ശൂർ	-	451
9.	പാലക്കാട്	-	315
10.	മലപ്പുറം	-	347

LIBRARY ARCHIVES Kerala Legislative Assembly